## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T1601 | 06.03.2017-ൽ മറുപടിയ്ക്ക് |
|---|---|

**സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.റോജി എം. ജോൺ<br>ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.വി.ടി.ബൽറാം | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | തിരിച്ചറിയിൽ രേഖയും സത്യപ്രസ്താവനയും ഹാജരാക്കാത്തതിന്റെ പേരിൽ, സംസ്ഥാനത്ത് സാമൂഹ്യസുരക്ഷാ പെൻഷൻ നിഷേധിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം എത്ര പേർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കാതിരുന്നിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) | ഗുണഭോക്തൃ വിവരങ്ങൾ കൃത്യമാക്കുന്നതിനായി നിഷ്കർഷിച്ച സത്യപ്രസ്താവന നിശ്ചിത സമയപരിധിക്കുള്ളിൽ ഹാജരാക്കാത്ത 290602 ഗുണഭോക്താക്കളുടെ സാമൂഹ്യസുരക്ഷാ പെൻഷൻ താൽക്കാലികമായി തടഞ്ഞുവച്ചിട്ടുണ്ട്. |
| (ബി) | തടഞ്ഞുവച്ച സാമൂഹ്യ സുരക്ഷാ പെൻഷൻ, മുൻകാല പ്രാബല്യത്തോടെ വിതരണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | ഗുണഭോക്താക്കൾ സത്യപ്രസ്താവന ഹാജരാക്കുന്ന മുറയ്ക്ക് തടഞ്ഞുവച്ച സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | സർക്കാർ നൽകുന്ന സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമ പെൻഷനും അനുവദിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് വിശദമാക്കുമോ? | (സി) | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിലവിൽ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തന്നെ പൂർത്തിയാക്കാവുന്നതാണ്. അപ്പീൽ അധികാരികളായ പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ